സ്പർശം

2022

പെരിന്തൽമണ്ണ ഉപജില്ല

2022

പ്രൈമറി ക്ലാസ്സുകളിൽ അടിസ്ഥാന ശേഷികൾ കൈവരിക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിട്ട് പെരിന്തൽമണ്ണ ഉപജില്ലയിൽ നടപ്പിലാക്കുന്ന തനത് പദ്ധതിയാണ് **"സ്പർശം".** മലയാള ഭാഷയിൽ അതിന് സഹായകരമായ പ്രവർത്തനങ്ങൾ ഉൾപെടുത്തിയ ഒരു വർക്ക് ബുക്ക് ആണിത്.

"സ്പർശം" പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്യുന്ന ഈ വർക്ക് ബുക്ക് സ്കൂളുകൾക്ക് അവരുടെ തനത് പ്രവർത്തനങ്ങളോടൊപ്പമോ ഇത് മാത്രമായോ സ്കൂളുകളിൽ നടപ്പിലാക്കാവുന്നതാണ്. മലയാളത്തിലെ അടിസ്ഥാന ശേഷികൾ കൈവരിക്കാൻ എല്ലാ കുട്ടികൾക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സ്രാജുട്ടി കെ,
എ ഇ ഒ പെരിന്തൽമണ്ണ

വായിക്കാം കണ്ടെത്താം

അമ്മ വന്നു
ആശയെ എടുത്തു
ഇഷ്ടമുള്ള കഥ പറഞ്ഞു
ഈണത്തിൽ പാട്ടുപാടി
ഉമ്മകൾ ഏറെ നൽകി
ഊഞ്ഞാലിൽ ഇരുത്തി

ഋഷിയുടെ കഥ ആശക്ക് ഏറെ ഇഷ്ടമായി.

ഇതിൽ നിന്നും താഴെ കൊടുത്ത അക്ഷരങ്ങൾ വരുന്ന പദങ്ങൾ കണ്ടെത്തു.

അ	ആ	ഇ	ഈ

ഉ	ഊ	ഋ

ഈ അക്ഷരങ്ങൾ വരുന്ന എത്ര പദങ്ങൾ നിങ്ങൾക്കറിയാം? എഴുതി നോക്കൂ...

സ്പർശം - പെരിന്തൽമണ്ണ ഉപജില്ല

സ്വരങ്ങൾ

അ ആ ഇ ഈ ഉ ഊ ഋ എ

ഏ ഐ ഒ ഓ ഔ അം അ

സ്വര ചിഹ്നങ്ങൾ

ാ ി ീ ു ൂ ൃ െ േ ൈ

ൊ ോ ൗ ം ഃ

വ്യഞ്ജനങ്ങൾ

ക ഖ ഗ ഘ ങ

ച ഛ ജ ഝ ഞ

ട ഠ ഡ ഢ ണ

ത ഥ ദ ധ ന

പ ഫ ബ ഭ മ

യ ര ല വ ശ

ഷ സ ഹ ള ഴ റ

ചില്ലുകൾ

ൺ ൻ ർ ൽ ൾ

കൂട്ടക്ഷരങ്ങൾ

ക്ക ച്ച ട്ട ത്ത പ്പ ങ്ങ ഞ്ഞ ണ്ണ ന്ന മ്മ

ങ്ക ഞ്ച ണ്ട ന്ത മ്പ യ്യ ല്ല വ്വ ശ്ശ സ്സ ള്ള റ്റ

പദങ്ങളിൽ നിന്ന് വാക്യങ്ങൾ

ചക്രത്തിൽ നിന്ന് പദങ്ങൾ ഉണ്ടാക്കൂ



ഞാനുണ്ടാക്കിയ പദങ്ങൾ...

വടി,

ഉചിതമായ പദങ്ങൾ ചേർത്ത് വാക്യങ്ങൾ ഉണ്ടാക്കൂ

○ പൂച്ച വട തിന്നു



സ്പർശം - പെരിന്തൽമണ്ണ ഉപജില്ല

എത്രയെത്ര പദങ്ങൾ...

ഖം	**ന**	ര
വ്	**നാ**	ളം
ര	**നി**	ള
ല	**നീ**	ളം
കം	**നു**	ണ
റ്	**നൂ**	ല്
റ്റി	**നെ**	ല്ല്
ര്	**നേ**	രം

പദങ്ങളുണ്ടാക്കാം

നഖം

യോജിച്ച പദം കണ്ടെത്തി എഴുതാം

- ആകാശത്തിന്റെ നിറം
- സ്കെയിൽകൊണ്ടളക്കാം
- കറ്റമെതിച്ചാൽ
- രുചിയറിയാൻ
- പൊട്ടുതൊടുന്നത്

സ്പർശം - പെരിന്തൽമണ്ണ ഉപജില്ല

ചിഹ്നം ചേർത്തെഴുതുക

ക	ാ	ി	ു	ൊ	ീ	ം	ൊ-ാ	ൂ	േ	്	ോ
ച											
ട											
ത											
പ											
ര											
ല											
വ											
ശ											
സ											
ഷ											
ഹ											
ള											
റ											
മ											
ന											
ണ											

വഴി കാണിക്കാമോ?

ചക്കിപ്പൂച്ചയിൽ നിന്ന് രക്ഷപ്പെടാൻ എലികൾക്ക് മതിലിന് മുകളിലെത്തണം. വഴികാണിക്കൂ...



- എലുമ്പന് 'എ' വരുന്ന പദങ്ങളിലൂടെ പോകാം.
- ചിന്നന് 'ച' വരുന്ന പദങ്ങളിലൂടെ പോകാം.
- ലൊടുക്കന് 'ല' വരുന്ന പദങ്ങളിലൂടെ പോകാം.

പോയ വഴിയിലെ പദങ്ങൾ എഴുതൂ.

എലുമ്പൻ	ചിന്നൻ	ലൊടുക്കൻ
എള്ള് എണ്ണ		

അക്ഷര പമ്പരം



പമ്പരത്തിൽ നിന്ന് പദങ്ങൾ കണ്ടെത്തി താഴെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരം എഴുതു.

1. പൂച്ചയെ പേടിക്കുന്ന ഞാനാര്?
2. ഞാനാണ് ഏറ്റവും വലിയ പഴം?
3. മീൻ പിടിക്കാൻ ഞാൻ വേണം?
4. എന്നെ തലയിൽ തേച്ചു കുളിക്കും.
5. നിലത്തിട്ടാൽ പൊട്ടുന്ന ഞാനാര്?
6. എന്നെ കഴുത്തിലണിയാം.

1	4 എണ്ണ	3
5	2	6





സ്പർശം - പെരിന്തൽമണ്ണ ഉപജില്ല

കുഞ്ചു ഒരു കൃഷിക്കാരനാണ്.
പച്ചക്കറികളും പഴങ്ങളും കിഴങ്ങുകളും കൃഷി ചെയ്യുന്നു.

കുഞ്ചുവിന്റെ തോട്ടത്തിൽ എന്തെല്ലാം കൃഷികൾ ഉണ്ടെന്നു പറയാമോ
ഒരു ദിവസം കുഞ്ചു സാധനങ്ങളുമായി ചന്തയിലേക്ക് പുറപ്പെട്ടു.
എന്തൊക്കെ സാധനങ്ങളാണ് ചന്തയിൽ.
കണ്ടെത്തി എഴുതാമോ...?



ഞാൻ കണ്ടെത്തിയ വാക്കുകൾ

ങ്ക	ഞ്ച	ണ്ട	ന്ത	മ്പ

ഈ പദങ്ങൾ ഉപയോഗിച്ച് വാക്യങ്ങൾ ഉണ്ടാക്കാമോ....?

വാക്യങ്ങൾ വാക്യങ്ങൾ

പദങ്ങൾ യോജിപ്പിച്ച് എത്ര വാക്യങ്ങൾ തയ്യാറാക്കാം?



1. ചൂട്ട് വീശി

അക്ഷരചക്രം



- **അക്ഷരചക്രത്തിന്റെ സഹായത്തോടെ താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതൂ.**

- ഒരു മാസം : ____ ഒരു താങ്ങ് : ____

- ഒരു സസ്യം : ____ ഇലവെച്ചുണ്ണാം : ____

- ഒരു അളവ് : ____ ഒരു ഉപകരണം : ____

സ്പർശം - പെരിന്തൽമണ്ണ ഉപജില്ല

യോജിച്ച വാക്കുകൾ തമ്മിൽ വരച്ചു ബന്ധിപ്പിക്കൂ...

പരസ്പരം ബന്ധിപ്പിച്ച വാക്കുകൾ എഴുതൂ...

1) ഋഷി പറഞ്ഞു

2)

3)

4)

5)

6)

7)

8)

9)

10)

11)

12)

13)

14)

വായിക്കാം
വാക്യങ്ങൾ ഉണ്ടാക്കാം..

ഏട്ടത്തി
ഏലിക്കുട്ടി
ഏട്ടൻ

പേര്
മേശ
തേൻ
ഏഴ്
ഏത്തയ്ക്ക
തേങ്ങ
പേന
ചേന

തേടി
വാങ്ങി
പറഞ്ഞു
എടുത്തു
തിന്നു

നീളമുള്ള വാക്യങ്ങൾ ഉണ്ടാക്കാമോ?



മാതൃക:

ഏട്ടൻ പേന തേടി.

ഏലിക്കുട്ടി ഏഴ് പേന വാങ്ങി.

കൂട്ടുകാർ

ഞാനും ഞായറുമൊരുമിച്ച്
ഊഞ്ഞാലാടി രസിക്കുമ്പോൾ
കുറിഞ്ഞിപ്പൂച്ചയുമെത്തീലോ
മഞ്ഞപ്പൂവനും വന്നൂലോ
ഞങ്ങൾ പാടി രസിച്ചല്ലോ
ആടിപ്പാടി നടന്നല്ലോ

കവിതയിൽ നിന്നും കണ്ടെത്താം

ഞ	ഞ്ഞ

കൂടുതൽ പദങ്ങൾ കണ്ടെത്താം



വാക്യങ്ങൾ നിർമിക്കാം





വൃത്തത്തിനകത്തും ചതുരത്തിനകത്തുമുള്ള പദങ്ങൾ ചേർത്ത് ലഘുവാക്യങ്ങൾ നിർമിക്കു.

ഉദാ:

- തങ്കമണി ചിലങ്ക അണിഞ്ഞു.
- കുങ്കുമം വാങ്ങണം.

-
-
-
-
-
-
-

സ്പർശം - പെരിന്തൽമണ്ണ ഉപജില്ല

പദപ്രശ്നം പൂർത്തിയാക്കാം

				④
①	② ബോ		③	
⑤	ശ്			
ല	ട്ട്		ൺ	റ്റ്

താഴോട്ട്

1. ഒരു വാദ്യോപകരണം
2. 'നട്ടി'ന്റെ കൂടെ ഇത് വേണം
3. ഊതിവീർപ്പിച്ചുകളിക്കാം, മുള്ളുകൊണ്ടാൽ പൊട്ടും
4. ചായക്കൊരു പലഹാരം

വലത്തോട്ട്

2. വെള്ളത്തിലൂടെ ഓടുന്ന ഒരു വാഹനം
3. റോഡിലൂടെ ഓടും കണ്ടക്ടർ ടിക്കറ്റ് നൽകും
5. സ്വിച്ചിട്ടാൽ കത്തും

വീട്ടിൽ ആരൊക്കെ?

അമ്മുവിന്റെ വീട്

അമ്മിണിയുടെ വീട്

അമ്മുവിന്റെ വീട്	അമ്മിണിയുടെ വീട്
അമ്മൂമ്മ	

കവിത എഴുതാം...

വൃത്തത്തിനകത്തുള്ള പദം ചേർത്ത് കവിത പൂർത്തിയാക്കൂ.

അമ്പിളിമാമൻ .....

ആമയൊരെണ്ണം .....

അണ്ണാനുണ്ട് .....

വമ്പനൊരാന .....

ആമ്പൽപ്പൊയ്കയിൽ
ആകാശത്തിൽ
ആലിൻകൊമ്പിൽ
അമ്പലനടയിൽ



നിറങ്ങളുടെ പേര് ചേർത്ത് കവിത എഴുതൂ

ആമ്പൽപ്പൂവ്

ആകാശം

ആപ്പിൾ

ആട്ടിൻപാൽ

ആന

നീലനിറം
വെള്ളനിറം
ചോപ്പുനിറം
കറുത്തനിറം



ആട്ടിൻപാലിനു വെള്ളനിറം

.....

.....

.....

.....

ഏതു പദം?

കൂട്ടത്തിൽ നിന്നും പദങ്ങൾ കണ്ടെത്തി ചിത്രത്തിന് താഴെ എഴുതൂ

കീശ, മീശ, വിശറി,
ദോശ, പശ, ആശാരി,
മേശ, തമാശ

യോജിച്ച പദം ചേർത്ത് പൂർത്തിയാക്കൂ

വിശറി	വീശി
	തിന്നു
കൊമ്പൻ	
വലിയ	
	വന്നു
കുപ്പിയിൽ	
	പറഞ്ഞു

നീളുന്ന വാക്യങ്ങൾ...

ഉദാ:- ദോശ - വെളുത്ത ദോശ, ചൂടുള്ള ദോശ, ...

മീശ - ....., ..., ...

മേശ - ....., ..., ...

എത്ര വാക്യങ്ങൾ?

വാക്യങ്ങൾ ഉണ്ടാക്കി എഴുതൂ

ധനികനായ രാജാവ്





ഒറ്റയ്ക്കും കൂട്ടായും

പഴം

പഴങ്ങൾ

കുട്ടി

കാക്ക



മാതൃക നോക്കി പൂർത്തിയാക്കൂ

ഒരു വർഷം	-	മാസങ്ങൾ	- 12
ഒരു മാസം	-	ആഴ്ചകൾ	- 4
ഒരു ആഴ്ച	-	.....	- 7
ഒരു ദിവസം	-	.....	- 24

കുട്ടന്റെ പട്ടം

കുട്ടൻ ഒരു പട്ടം ഉണ്ടാക്കി.
മെല്ലെ പറത്തി വിട്ടു.
പട്ടം പറന്നുയർന്നു.
പെട്ടെന്ന് ചരടുപൊട്ടി.
പട്ടം വട്ടം കറങ്ങി.
താഴോട്ട് വീണു.
കാറ്റാടി മരത്തിൽ തട്ടി നിന്നു.

പട്ടത്തിന്റെ കഥ വായിച്ചല്ലോ. ചിത്രം നോക്കി യോജിച്ച കാര്യങ്ങൾ എഴുതൂ.



കുട്ടൻ പട്ടം ഉണ്ടാക്കി

വാക്കുകൾ നിർമിക്കാം

കോ	കാ	ക	ള	വ	വി	വേ
വി	പാ	ചെ	ളി	കി	കാ	
		വ	ളം	കു		
		വ	ളളി	ക		
		ക	ളളം	വ		

വള,	.....	.....	.....
.....	.....	.....	.....
.....	.....	.....	.....
.....	.....	.....	.....
.....	.....	.....	.....

കഥ വായിക്കാം. പൂർത്തിയാക്കാം.

ഉമ്മ വള വാങ്ങി.
കുപ്പിവള. പളപള മിന്നുന്ന വള.
സൈനബ വളയണിഞ്ഞു.
വളകിലുക്കി നടന്നു.
കുളത്തിൽ കുളിക്കാൻ പോയി.
കുളത്തിൽ ചാടി. നീന്തിക്കുളിച്ചു.
വള കല്ലിൽ കൊണ്ടു.
എന്നിട്ടോ?

ചിത്രത്തിന് യോജിച്ച വാക്യം കണ്ടെത്തി എഴുതൂ...

.....

.....

.....

തവള ചാടി
താമര വിടർന്നു
മീനു മാല വാങ്ങി
തത്ത വിത്ത് കൊത്തി
മയിൽ പീലി വിടർത്തി
കമല മുഖം നോക്കി

.....

.....

.....

പദങ്ങൾ കണ്ടെത്താം

ഒരു പാവം മുങ്ങച്ചാരാണ് കോമു.
തീറ്റ തേടി കോമു കൂടിനു പുറത്തിറങ്ങുന്നത് എപ്പോഴെന്നോ?
എല്ലാവരും ഉറങ്ങുന്ന രാത്രിയിൽ. എന്നിട്ട് പകൽ നേരം മുഴുവൻ
കൂട്ടിലിരുന്ന് ഉറങ്ങുകയും ചെയ്യും.

കഥ വായിച്ചല്ലോ. ഇനി താഴെ കൊടുത്ത ചിഹ്നങ്ങൾ
വരുന്ന പദങ്ങൾ കണ്ടെത്തി എഴുതൂ.

ാ	ി	ീ	ു	ൂ

ഈ ചിഹ്നങ്ങൾ വരുന്ന കൂടുതൽ പദങ്ങൾ കണ്ടെത്തൂ...

ചിത്രവായന

ചിത്രങ്ങൾ നോക്കിയും ചക്രത്തിലെ പദങ്ങൾ വായിച്ചും
താഴെ കൊടുത്ത വാക്യങ്ങൾ മുഴുമിപ്പിക്കുക.

- ആമയുടെയും മുയലിന്റെയും .....
- രാജാവിന്റെ വാഹനം .....
- വീട്ടിൽ വിരുന്നെത്തുന്നവർ .....
- വരിവരിയായ് പോകുന്നവർ .....

വാക്യങ്ങൾ ഉണ്ടാക്കാം

രാമുവിന്റെ പെൻസിൽ

രാമു	പെൻസിൽ
റഹിം	വീട്
ആട്	കുഞ്ഞ്
വീട്	വാതിൽ
പശു	പാൽ
അപ്പു	സൈക്കിൾ

.....

.....

.....

.....

എന്റെ വക

.....

.....

ഉണ്ണിക്കുട്ടന്റെ ഇഷ്ടം

കവിത വായിക്കാം

കർഷകനോടിഷ്ടം
കഷ്ടപ്പെടാനിഷ്ടമല്ല
നല്ല ഷർട്ടിടാനിഷ്ടം
ഷർട്ട് മുഷിയുന്നതിഷ്ടമല്ല
ആഘോഷം ഏറെ ഇഷ്ടം
വിഷമിക്കാൻ ഇഷ്ടമല്ല

ഉണ്ണിക്കുട്ടന് ഇഷ്ടമുള്ളതും, ഇഷ്ടമില്ലാത്തതും കവിതയിൽ നിന്ന് കണ്ടെത്തി എഴുതൂ.

ഇഷ്ടമുള്ളത്	ഇഷ്ടമില്ലാത്തത്

എന്തൊക്കെയാണ് നിങ്ങളുടെ ഇഷ്ടങ്ങൾ? ഇഷ്ടമില്ലാത്തതോ?

ഇഷ്ടമുള്ളത്	ഇഷ്ടമില്ലാത്തത്

സൂചനയിൽ നിന്ന് കഥയെഴുതാം

താഴെ കൊടുത്ത ചിത്രങ്ങൾ നോക്കി, സൂചനകൾ വായിച്ച് കഥ പൂർത്തിയാക്കാം.

കുരങ്ങൻ വന്നു

മാമ്പഴം മുള്ളൻ പന്നിയുടെ ദേഹത്തുവീണു

കാക്കച്ചിക്കും മുള്ളനും
ബാക്കി കഷണങ്ങൾ

ഒരു കഷണം കുരങ്ങന്

അല്ല, മാങ്ങ എന്റേതാണ്
മുള്ളൻ പറഞ്ഞു.

മാങ്ങ മൂന്ന് കഷണമാക്കി

"മാങ്ങ എന്റേതാണ്" കാക്കച്ചി

കഥയെഴുതാം. പേരുനൽകാം.

മാവിൽ നിറയെ പഴുത്ത മാങ്ങകൾ. കാക്കച്ചി ഒരു മാമ്പഴം കൊത്തി.

.....

.....

.....

.....

വായിക്കാം എഴുതാം

പലഹാരപ്രിയനായ ഹരിയെക്കുറിച്ച് വായിച്ചുനോക്കൂ.

ഹരിക്ക് ആഹാരം കഴിക്കാൻ മടിയായിരുന്നു
പലഹാരം അവന് വലിയ ഇഷ്ടമാണ്
പ്രത്യേകിച്ചും ഹൽവ.
ഏത് സമയത്തും ഹൽവയും മറ്റു പലഹാരങ്ങളും
കഴിച്ച് നടക്കും. ഒരു ദിവസം ഹരി രാമായണം സിനിമ കണ്ടു.
ഹനുമാനെ കണ്ടപ്പോൾ ഹരി പറഞ്ഞു,
"ഹനുമാന് എന്ത് ശക്തിയാണ്.
എനിക്കും ഹനുമാനെപ്പോലെ ശക്തി വേണം"
അതുകേട്ട് ഹരിയുടെ അമ്മ പറഞ്ഞു
"പലഹാരം മാത്രം കഴിച്ചാൽ പോര ശക്തി കിട്ടാൻ
മറ്റ് ആഹാരങ്ങൾ കഴിക്കണം"

- **'ഹ' വരുന്ന പദങ്ങൾ കണ്ടെത്തി എഴുതാമോ?**

- **ഓരോ പദവും എത്ര തവണ വരുന്നുണ്ട്?**

- **ഏറ്റവും കൂടുതൽ ആവർത്തിച്ച പദം ഏത്?**

ഇനി താഴെക്കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരമെഴുതൂ

? ഹരിക്ക് ഇഷ്ടപ്പെട്ട പലഹാരം

? ഹരിക്ക് ആരെപ്പോലെ ശക്തി വേണം

? ശക്തികിട്ടാൻ എന്തുചെയ്യണം

സംഭവിച്ചത് എന്ത്?

വായിക്കാം... സംഭവിച്ച കാര്യങ്ങൾ എഴുതാം...

മുഖത്ത് കറുത്ത കുത്ത്.
പൗഡറിട്ടു.
കുത്ത് കാണാതായി.
മുഖം മിനുങ്ങി.

നഖത്തിൽ വെളുത്ത പുള്ളി.
നിറം പൂശി.
പുള്ളി കാണാതായി.
നഖം തിളങ്ങി.



മുഖംമൂടി.
മുഖത്തണിഞ്ഞു.
മുഖംമൂടി കീറി.
ദു:ഖം തോന്നി.

അസുഖം വന്നു.
മരുന്നു കഴിച്ചു.
അസുഖം മാറി.
സുഖം തോന്നി.

സംഭവിച്ചതെന്ത്?

1. പൗഡർ ഇട്ടപ്പോൾ .....
2. നിറം പൂശിയപ്പോൾ .....
3. മരുന്നു കഴിച്ചപ്പോൾ .....
4. മുഖംമൂടി കീറിയപ്പോൾ .....

അക്ഷരവൃത്തം

വാക്യങ്ങൾ നിർമിക്കാം

വൃത്തത്തിനകത്തുള്ള പദങ്ങൾ ചേർത്ത് ലഘുവാക്യങ്ങൾ എഴുതൂ.

ഉദാ : ○ മേഘം ഇരുണ്ടു

○

○

○

○

○

○

○

പദങ്ങൾ ചേർത്ത് വാക്യങ്ങൾ

മാതൃക പോലെ എഴുതാമോ?

വാല് - വാൽ	ആല് -
പാല് -	കോല് -
കാല് -	നൂല് -
ചൂല് -	തോല് -

വൃത്തങ്ങളിലെ പദങ്ങൾ ചേർത്ത് വാക്യങ്ങളെഴുതൂ.



- മയിൽ നന്നായി ആടും
-
-
-
-
-
-
-

ചിത്രം നോക്കാം. കഥ എഴുതാം

ഈച്ചയും പൂച്ചയും കഞ്ഞിവെച്ച കഥയാണ് ചിത്രത്തിൽ. താഴെ കൊടുത്ത വാക്യങ്ങൾ നോക്കി ചിത്രത്തിനു നേരെ എഴുതു.

.....

.....

.....

.....

തണുത്തിട്ട് കുടിക്കാം

.....

.....

.....

.....

.....

- തണുത്തിട്ട് കുടിക്കാം
- പിഞ്ഞാണത്തിൽ കഞ്ഞി വിളമ്പി
- കഞ്ഞിയെല്ലാം പൂച്ചയ്ക്ക്
- പൂച്ച കിടന്നുറങ്ങി
- കഞ്ഞിവെച്ചു
- ഈച്ച കഞ്ഞിയിൽ വീണു
- ഈച്ചയ്ക്ക് കൊതിമുത്തു

കഥ എഴുതാം

ഈച്ചയും പൂച്ചയും കൂട്ടുകാരായിരുന്നു.

ഒരു ദിവസം അവർ.....

.....

.....

.....

.....

പാടാം... എഴുതാം...

പാടിനോക്കൂ

സഞ്ചിയിലുണ്ടേ ചെഞ്ചീര
വഞ്ചിയിലുണ്ടേ പഞ്ചാര
മഞ്ചലിലുണ്ടേ സഞ്ചാരി
തുഞ്ചത്തുണ്ടേ മഞ്ചാടി
പുഞ്ചക്കണ്ടം പൂത്തല്ലോ
ഇഞ്ചിപ്പാടം തളിർത്തല്ലോ
വഞ്ചിപ്പാട്ടും തുഞ്ചൻപാട്ടും
കൊഞ്ചിപ്പാടാം പൈങ്കിളിയേ

പാട്ട് നോക്കി എന്താണെന്നെഴുതുക

സഞ്ചിയിൽ	പൂത്തത് .....
..... മഞ്ചാടി	തളിർത്തത് .....
മഞ്ചലിൽ	പാട്ടുകൾ .....
തുഞ്ചത്ത്	കൊഞ്ചിപ്പാടിയത് .....

സഞ്ചി നിറയ്ക്കാം

'ഞ്ച' വരുന്ന പദങ്ങൾ കണ്ടെത്തി സഞ്ചിയിൽ എഴുതൂ.

വായിക്കാം... സംഭാഷണം എഴുതാം...

സഫിയയ്ക്ക് ചുമ തന്നെ ചുമ.
ചുമച്ച് ചുമച്ച് അവൾ തളർന്നു.
ഉമ്മയോടൊപ്പം പോയി ഡോക്ടറെ കണ്ടു.
'തൊണ്ടയിൽ കഫം നിറഞ്ഞതാണ്'-
ഡോക്ടർ പറഞ്ഞു.
മരുന്ന് കഴിച്ചു. മരുന്ന് ഫലിച്ചു.
ചുമ പോയി. സഫിയ ചിരിച്ചു.

വായിച്ചല്ലോ? ഇനി സംഭാഷണം പൂർത്തിയാക്കൂ

ഡോക്ടർ : എന്താ പേര്?

സഫിയ : .....

ഉമ്മ : സഫിയക്ക് ചുമയാണ്

ഡോക്ടർ : എപ്പോൾ തുടങ്ങി?

ഉമ്മ : .....

ഡോക്ടർ : മഴ നനഞ്ഞോ?

..... : ഇല്ല

സ്പർശം - പെരിന്തൽമണ്ണ ഉപജില്ല

വായിക്കാം ഉത്തരമെഴുതാം

രക്ഷിത പുറത്തേക്ക് നോക്കി
പുറത്ത് നല്ല ഇരുട്ട്
ആകാശത്ത് നക്ഷത്രങ്ങൾ മിന്നുന്നു.
എണ്ണിയാൽ തീരില്ല.
ലക്ഷക്കണക്കിനുണ്ട്.
ഈ അച്ഛനെവിടെ പോയി?
ഭക്ഷണം കഴിക്കാൻ നേരമായി.
'അച്ഛൻ വരാതെ ഞാൻ ഇന്ന് ഭക്ഷണം കഴിക്കില്ല.'
രക്ഷിത പറഞ്ഞു.

ഉത്തരമെഴുതാം

പുറത്തെ ഇരുട്ടിലേക്ക് നോക്കിയിരുന്നത് ആര്? ☐

ആകാശത്ത് എണ്ണിയാൽ തീരാത്ത, അത്രയും ഉള്ളതെന്ത്? ☐

രക്ഷിത ആരെയാണ് കാത്തിരിക്കുന്നത്? ☐

അവൾ മനസ്സിൽ പറഞ്ഞത് എന്ത്? ☐

പദങ്ങൾ വായിക്കാം, വാക്യങ്ങൾ എഴുതാം

യക്ഷി ക്ഷീണം
പക്ഷി ലക്ഷ്യം
രക്ഷ ക്ഷാമം

പക്ഷി ഉയരത്തിൽ പറക്കും

....

....

വായിക്കാം... എഴുതാം...

മൈമൂനയും സൈനബയും

മൈമൂനയ്ക്ക് സൈക്കിൾ വാങ്ങി.
പുതിയ സൈക്കിൾ.
സൈക്കിളുമായി മൈതാനത്ത് എത്തി.
സൈനബയും കൂടെക്കൂടി.
മൈതാനത്തിന് ചുറ്റും സൈക്കിൾ ഓടിച്ചു.
സൈനബ വീണു.
കൈവിരൽ മുറിഞ്ഞു.

ശരിയോ തെറ്റോ?

- സൈനബയ്ക്ക് സൈക്കിൾ വാങ്ങി ☐
- മൈമൂന സൈക്കിളിൽ നിന്നുവീണു. ☐
- പഴയ സൈക്കിൾ ☐
- സൈനബയുടെ കൈവിരൽ മുറിഞ്ഞു. ☐

ചിത്രം നോക്കി യോജിച്ച കാര്യങ്ങൾ കണ്ടെത്തി എഴുതൂ

മൈതാനത്തിന് ചുറ്റും സൈക്കിൾ ഓടിച്ചു

.....

.....



.....

.....

ആരെല്ലാം

മഞ്ചാടിവനത്തിലാണ് പീലുമാനിന്റെ താമസം.
പീലുവിന് ഒരുപാട് കൂട്ടുകാരുണ്ട്. ആരൊക്കെയെന്നറിയേണ്ടേ?

കു....ര	കുരു.....
.....റാഫ്	കു..... .....ൻ
ഒ.....കം	കുറു.....ൻ
കര.....	ചെ.....ത്ത്

വിട്ടുപോയ അക്ഷരങ്ങൾ ചേർത്ത് കൂട്ടുകാരെ കണ്ടെത്തൂ....

കൂടുതൽ മൃഗങ്ങളുടെയും പക്ഷികളുടെയും പേരുകൾ കൂട്ടിച്ചേർക്കൂ....

സദ്യയുണ്ണാം

പീലു തന്റെ കൂട്ടുകാർക്കെല്ലാം ഒരു വിരുന്ന് ഒരുക്കി.
വിഭവങ്ങൾ എന്തൊക്കെയാവാം



ആവശ്യമായ ചിഹ്നങ്ങൾ ചേർത്ത് കണ്ടെത്തൂ....

ചറ	സമ്പർ	പളയഞ്ച
ഉപ്പര	അച്ചർ	ഒലൻ
പയസ	പഴ	
അവയൽ	പപ്പട	

കോരൻകോഴിയുടെ ഡയറി

രാവിലെ നേരത്തെ എണ്ണീറ്റതാണ്. നീട്ടിയൊന്ന് കൂവാൻ കഴിഞ്ഞില്ല. വല്ലാത്തൊരു തൊണ്ട വേദന. കൂടൊന്നു തുറന്ന് കിട്ടാൻ ഏറെ കൊതിച്ചു. അവസാനം പുറത്തിറങ്ങി. എന്നിട്ടോ...? എത്ര ചിക്കിചിനക്കിയാണ് ഒരു ഞാഞ്ഞൂളിനെ കിട്ടിയത്. അതാണെങ്കിലോ ആ ചെമ്പൻ പൂവൻ തട്ടിയെടുത്തു.

ഇന്ന് വിശപ്പ് മാറിയില്ല. ചെമ്പന്റെ കൊത്തും കിട്ടി. നശിച്ച ദിവസം

ഡയറി വായിച്ചല്ലോ. ഇനി താഴെ കൊടുത്ത ചിഹ്നങ്ങൾ വരുന്ന പദങ്ങൾ ഇതിൽ നിന്നും കണ്ടെത്തൂ.

ൈ	േ	ൊ	ോ

കൂടുതൽ കണ്ടെത്താം



താഴെ കൊടുത്ത അക്ഷരങ്ങൾ ഉൾപ്പെടുന്ന വാക്കുകൾ
എഴുതി പദചങ്ങലകൾ ഉണ്ടാക്കു

1) ക്ക
2) ഞ്ച
3) ണ്ട
4) ന്ത
5) മ്പ
6) ങ്ങ
7) ഞ്ഞ
8) ണ്ണ
9) ന്ന
10) മ്മ

ക്രമം ശരിയാക്കി വാക്കു കണ്ടെത്തി എഴുതുക

1) ൻ / ച്ച / അ
2) യി / മ / ൽ
3) വ / ക / ടം / ച്ച
4) ദ്യാ / യം / വി / ല
5) ളി / ഥ / ക / ക
6) ഷി / ൻ / ക്യ / ക്കാ / ര
7) ളി / ല / ച്ചു / നി / വി
8) പ / ത / ണ്ഡി / ൻ
9) ങ്കാ / അ / രം / ഹ
10) ദ്ധി / ൻ / മാ / ബു

സ്പർശം - പെരിന്തൽമണ്ണ ഉപജില്ല

താഴെ കൊടുത്ത അക്ഷരങ്ങൾ ഉൾപ്പെടുന്ന വാക്കുകൾ എഴുതുക

1)	ക	മകൾ	കാക്ക	മകരം	കുമാരി .....
2)	ര	.....	.....	.....	.....
3)	ആ	.....	.....	.....	.....
4)	ഊ	.....	.....	.....	.....
5)	ർ	.....	.....	.....	.....
6)	ൾ	.....	.....	.....	.....
7)	ഈ	.....	.....	.....	.....
8)	ഖ	.....	.....	.....	.....
9)	ഘ	.....	.....	.....	.....
10)	ഫ	.....	.....	.....	.....
11)	ഡ	.....	.....	.....	.....

ചിഹ്നം ഉപയോഗിച്ച് വാക്കുകൾ ഉണ്ടാക്കുക

ാ	.....	.....	.....	.....	.....
ീ	.....	.....	.....	.....	.....
ു	.....	.....	.....	.....	.....
ൂ	.....	.....	.....	.....	.....
ൃ	.....	.....	.....	.....	.....
െ	.....	.....	.....	.....	.....
േ	.....	.....	.....	.....	.....
ൈ	.....	.....	.....	.....	.....
ൊ	.....	.....	.....	.....	.....
ോ	.....	.....	.....	.....	.....
ൗ	.....	.....	.....	.....	.....
ം	.....	.....	.....	.....	.....

ആരു തന്നു

കുഞ്ഞിനീ പൂഞ്ചിരിയാരുതന്നു?
കുഞ്ഞിക്കുടമുല്ലപ്പൂവു തന്നു
പൂങ്കവിൾ ചന്തമിതാരുതന്നു
പൂക്കാലം വന്നപ്പോൾ സന്ധ്യ തന്നു
കണ്ണിന്റെ നീലിമയാരു തന്നു
വിണ്ണിന്റെ കൈകൾ കനിഞ്ഞു തന്നു
ആരിന്നു പഞ്ചാരയുമ്മ തന്നു
വാരിപ്പുണർന്നെനിക്കമ്മതന്നു

കവിത ഇഷ്ടപ്പെട്ടില്ലേ. അതിലെ അടിവരയിട്ട പദങ്ങൾ വായിച്ചു നോക്കൂ. ആ പദങ്ങൾ എഴുതൂ

ഞ്ച	ല്ല	പ്പ	ങ്ക	ക്ക	ണ്ണ	മ്മ

കൂടുതൽ പദങ്ങൾ കണ്ടെത്തൂ...

എന്റെ പൂന്തോട്ടം

പൂന്തോട്ടത്തിൽ എന്തൊക്കെ?

ചിത്രം നോക്കി എഴുതൂ. വാക്യങ്ങളായി എഴുതണേ.

പൂക്കൾ വിരിഞ്ഞു.

ഉറങ്ങുന്ന പൂച്ച

.....

.....

.....

.....

.....

.....

.....